entri

monthly

# current affairs

march 2025



# Index


- ഓസ്കർ 2025
- 59-ാമത് ജ്ഞാനപീഠപുരസ്കാരം
- ഐസിസി ചാമ്പ്യൻസ് ട്രോഫി 2025
- 2024-25 രഞ്ജി ട്രോഫി ക്രിക്കറ്റ്
- ഇന്റർനാഷണൽ മാസ്റ്റേഴ്സ് ലീഗ് 2025
- വനിതാ പ്രീമിയർ ലീഗ് 2025
- യൂത്ത് ഐക്കൺ അവാർഡ് 2024-25
- ഏഷ്യൻ വനിതാ കബഡി ചാമ്പ്യൻഷിപ്പ് 2025
- ഐക്യു എയർ ലോക വായു ഗുണനിലവാര റിപ്പോർട്ട് 2024
- ലോകം
- ഇന്ത്യ
- കേരളം
- കായികം
- സാഹിത്യം
- മറ്റ് പുരസ്കാരങ്ങൾ
- ശാസ്ത്ര സാങ്കേതിക മേഖല
- ഇന്ത്യ - പദ്ധതികൾ
- കേരളം - പദ്ധതികൾ
- നിയമനങ്ങൾ
- വിയോഗം
- റാങ്കിങ്
- വേദികൾ
- സൈനികാഭ്യാസം
- പ്രധാന ദിനങ്ങൾ

# ഓസ്കർ 2025

- 97-ാമത് ഓസ്കർ പുരസ്കാരം.
- ലോസ് ആഞ്ജലിസിലെ ഓവിയേഷൻ ഹോളിവുഡിലെ ഡോൾബി തിയേറ്ററിലാണ് പുരസ്കാരദാനച്ചടങ്ങ് നടന്നത്.
- മികച്ച ചിത്രം - അനോറ (സംവിധാനം - ഷോൺ ബെക്കർ)
- മികച്ച അനിമേഷൻ ചിത്രം - ഫ്ളോ
- മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിം - ഐ ആം സ്റ്റിൽ ഹിയർ (ബ്രസീൽ, സംവിധാനം - വാൾട്ടർ സാലെസ്)
- മികച്ച സംവിധായകൻ - ഷോൺ ബെക്കർ (ചിത്രം - അനോറ)
- മികച്ച നടൻ - ഏഡ്രിയൻ ബ്രോഡി (ചിത്രം - ദി ബ്രൂട്ടലിസ്റ്റ്)
- മികച്ച നടി - മിക്കി മാഡിസൺ (ചിത്രം - അനോറ)
- മികച്ച സഹനടൻ - കീരൻ കൾക്കിൻ (ചിത്രം - എ റിയൽ പെയ്ൻ)
- മികച്ച സഹനടി - സോയി സൽദാന (ചിത്രം - എമിലിയ പെരസ്)
- മികച്ച ലൈവ് ആക്ഷൻ ഷോർട്ട് ഫിലിം - ഐ ആം നോട്ട് എ റോബോട്ട്
- മികച്ച ലൈവ് ആക്ഷൻ ഷോർട്ട് ഫിലിം വിഭാഗത്തിൽ മത്സരിച്ച ഇന്ത്യൻ ഹ്രസ്വചിത്രം - അനുജ (സംവിധാനം - ആദം ജെ ഗ്രേവ്)
- മികച്ച സിനിമ, സംവിധാനം, നടി, ഒറിജിനൽ സ്ക്രീൻപ്ലേ , എഡിറ്റിങ് എന്നിവയ്ക്കുള്ള അവാർഡുകൾ 'അനോറ' സ്വന്തമാക്കി.

# 59-ാമത് ജ്ഞാനപീഠപുരസ്കാരം

- 59-ാമത് ജ്ഞാനപീഠപുരസ്കാരത്തിന് അർഹനായ ഹിന്ദിസാഹിത്യകാരൻ - വിനോദ് കുമാർ ശുക്ല
  - ഛത്തീസ്ഗഡ് സ്വദേശിയാണ് വിനോദ് കുമാർ ശുക്ല.
  - ഛത്തീസ്ഗഡിൽ ജ്ഞാനപീഠം ലഭിക്കുന്ന ആദ്യ സാഹിത്യകാരനാണ് വിനോദ് കുമാർ ശുക്ല.
  - 1971 ൽ പ്രസിദ്ധീകരിച്ച 'ലഗ്ഭാഗ് ജയ്ഹിന്ദ്' ആണ് ആദ്യ കവിതാസമാഹാരം.

- ദീവാർ മേ ഏക് ഖിഡ്കി രെഹതി ഹെ' എന്ന നോവലിന് 1999-ൽ അദ്ദേഹത്തിന് സാഹിത്യ അക്കാഡമി അവാർഡ് ലഭിച്ചു.
- 2013-ൽ വ്യാസസമ്മാനം അദ്ദേഹത്തിന് ലഭിച്ചു.
- 2023ൽ പെൻ അമേരിക്ക അന്താരാഷ്ട്ര സാഹിത്യ മികവിനുള്ള നബോക്കോവ് അവാർഡ് നൽകി ആദരിച്ചു. ഈ ബഹുമതി ലഭിക്കുന്ന ആദ്യ ഏഷ്യൻ എഴുത്തുകാരനാണ് വിനോദ് കുമാർ ശുക്ല.
- 11 ലക്ഷം രൂപയും വെങ്കലത്തിൽ തീർത്ത സരസ്വതീ ശില്പവും അടങ്ങിയതാണ് അവാർഡ്.
- 2023ലെ (58-ാമത്) ജ്ഞാനപീഠ പുരസ്കാരത്തിന് അർഹരായവർ - ഗുൽസാർ, സ്വാമി രാംഭദ്രാചാര്യ

## ഐസിസി ചാമ്പ്യൻസ് ട്രോഫി 2025

- കിരീട ജേതാക്കൾ - ഇന്ത്യ
- ഫൈനലിൽ ന്യൂസിലാൻഡിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ കിരീടം സ്വന്തമാക്കിയത്.
- 2025 ലെ ചാമ്പ്യൻസ് ട്രോഫി ടൂർണമെന്റിന് ആതിഥേയത്വം വഹിച്ച രാജ്യം - പാകിസ്ഥാൻ
- ഇന്ത്യയുടെ മത്സരങ്ങൾക്ക് വേദിയായ രാജ്യം - ദുബായ്
- ഫൈനൽ മത്സരത്തിലെ താരം - രോഹിത് ശർമ്മ
- ടൂർണമെന്റിലെ താരം - രചിൻ രവീന്ദ്ര (ന്യൂസിലാൻഡ്)
- ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റൻ - രോഹിത് ശർമ്മ

## 2024-25 രഞ്ജി ട്രോഫി ക്രിക്കറ്റ്

- 2024-25 രഞ്ജി ട്രോഫി ക്രിക്കറ്റ് കിരീട ജേതാക്കൾ - വിദർഭ

- സമനിലയിൽ അവസാനിച്ച കേരളം,വിദർഭ ഫൈനൽ മത്സരത്തിൽ ഒന്നാം ഇന്നിങ്സ് ലീഡ് നേടിയ വിദർഭ കിരീടം സ്വന്തമാക്കുകയായിരുന്നു.
- വിദർഭയുടെ മൂന്നാം രഞ്ജി കിരീട നേട്ടമാണിത്.
- ചരിത്രത്തിൽ ആദ്യമായാണ് കേരളം രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിലെത്തുന്നത്.
- പ്ലെയർ ഓഫ് ദി മാച്ച് - ഡാനിഷ് മലേവർ
- പ്ലെയർ ഓഫ് ദി സീരീസ് - ഹർഷ് ദുബെ
- കേരള ടീമിന്റെ ക്യാപ്റ്റൻ - സച്ചിൻ ബേബി
- വിദർഭ ടീമിന്റെ ക്യാപ്റ്റൻ - അക്ഷയ് വഡ്കർ

## ഇന്റർനാഷണൽ മാസ്റ്റേഴ്സ് ലീഗ് 2025

- വേദി - ഇന്ത്യ
- ഇന്റർനാഷണൽ മാസ്റ്റേഴ്സ് ലീഗിന്റെ ആദ്യ പതിപ്പാണ് 2025ൽ നടന്നത്.
- ഇന്ത്യ മാസ്റ്റേഴ്സ്, വെസ്റ്റ് ഇൻഡീസ് മാസ്റ്റേഴ്സ്, ഓസ്ട്രേലിയ മാസ്റ്റേഴ്സ്, ഇംഗ്ലണ്ട് മാസ്റ്റേഴ്സ്, ദക്ഷിണാഫ്രിക്ക മാസ്റ്റേഴ്സ്, ശ്രീലങ്ക മാസ്റ്റേഴ്സ് എന്നീ 6 ടീമുകൾ ലീഗിൽ പങ്കെടുത്തു.
- കിരീട ജേതാക്കൾ - ഇന്ത്യ മാസ്റ്റേഴ്സ്
  - ഫൈനലിൽ വെസ്റ്റ് ഇൻഡീസ് മാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ കിരീടം സ്വന്തമാക്കിയത്.
  - പ്ലെയർ ഓഫ് ദി ഫൈനൽ - അമ്പാട്ടി റായിഡു
- ഇന്ത്യ മാസ്റ്റേഴ്സിന്റെ ക്യാപ്റ്റൻ - സച്ചിൻ ടെണ്ടുൽക്കർ
- വെസ്റ്റ് ഇൻഡീസ് മാസ്റ്റേഴ്സിന്റെ ക്യാപ്റ്റൻ - ബ്രയാൻ ലാറ

## വനിതാ പ്രീമിയർ ലീഗ് 2025

- മൂന്നാമത് പതിപ്പ്
- കിരീട ജേതാക്കൾ - മുംബൈ ഇന്ത്യൻസ്

- ➔ ഫൈനലിൽ ഡൽഹി കാപിറ്റൽസിനെ പരാജയപ്പെടുത്തിയാണ് മുംബൈ ഇന്ത്യൻസ് കിരീടം സ്വന്തമാക്കിയത്.
- ➔ മുംബൈയുടെ രണ്ടാം വനിത പ്രീമിയർ ലീഗ് കിരീട നേട്ടമാണിത്. 2023 ലെ ആദ്യ പതിപ്പിലും മുംബൈ ഇന്ത്യൻസ് കിരീടം നേടിയിരുന്നു.

- പ്ലെയർ ഓഫ് ദി ഫൈനൽ - ഹർമൻ പ്രീത് കൗർ (മുംബൈ ഇന്ത്യൻസ്)
- പ്ലെയർ ഓഫ് ദി ടൂർണമെന്റ് - നാറ്റ് സിവർ-ബ്രണ്ട് (മുംബൈ ഇന്ത്യൻസ്)
- മുംബൈ ഇന്ത്യൻസിന്റെ ക്യാപ്റ്റൻ - ഹർമൻ പ്രീത് കൗർ
- ഡൽഹി കാപിറ്റൽസിന്റെ ക്യാപ്റ്റൻ - മെഗ് ലാനിങ്
- മുംബൈ ഇന്ത്യൻസിലെ മലയാളി താരം - സജന സജീവൻ
- ഡൽഹി കാപിറ്റൽസിലെ മലയാളി താരം - മിന്നു മണി

## യൂത്ത് ഐക്കൺ അവാർഡ് 2024-25

കേരള സംസ്ഥാന യുവജന കമ്മീഷൻ നൽകുന്ന 2024-25 വർഷത്തെ യൂത്ത് ഐക്കൺ അവാർഡുകൾക്ക് അർഹരായവർ

- കല, സാംസ്കാരികം, കായികം, സാഹിത്യം, കാർഷികം/മൃഗസംരക്ഷണം, വ്യവസായ സംരംഭകത്വം, മാധ്യമം തുടങ്ങിയ മേഖലകളിൽ വ്യത്യസ്തവും മാതൃകാപരവുമായ ഇടപെടലുകൾ നടത്തിയ വ്യക്തിത്വങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്.
- കല സാംസ്കാരികം - നിഖില വിമൽ (അഭിനേത്രി)
- കായികം - സജന സജീവൻ (ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിലെ ഓൾറൗണ്ടർ)
    - ➔ 2024 ഐസിസി വനിതാ ടി20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ അംഗമായിരുന്നു സജന സജീവൻ.
- സാഹിത്യം - വിനിൽ പോൾ

- കാർഷികം - ശ്രീവിദ്യ
- വ്യവസായം /സംരംഭകത്വം - ദേവൻ ചന്ദ്രശേഖരൻ
    - ➔ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കാർഷിക മേഖലക്ക് കൈത്താങ്ങായി ഡ്രോൺ നിർമാണത്തിലൂടെ ശ്രദ്ധേയനായ ഫ്യൂസലേജ് കമ്പനിയുടെ സ്ഥാപകനും എം.ഡിയുമാണ് ദേവൻ ചന്ദ്രശേഖരൻ.
    - ➔ 30 വയസിൽ താഴെയുള്ള മികച്ച സംരംഭകരുടെ ഫോബ്സ് ഇന്ത്യ പട്ടികയിൽ ദേവൻ ചന്ദ്രശേഖരൻ ഇടംപിടിച്ചിരുന്നു.
- മാധ്യമം - ആർ. റോഷിപാൽ (റിപ്പോർട്ടർ ടിവി പ്രിൻസിപ്പൽ കറസ്പോണ്ടന്റ്)

## ഏഷ്യൻ വനിതാ കബഡി ചാമ്പ്യൻഷിപ്പ് 2025

- ആറാമത് പതിപ്പ്
- കിരീട ജേതാക്കൾ - ഇന്ത്യ
    - ➔ ഫൈനലിൽ ഇറാനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ ജേതാക്കളായത്.
    - ➔ തുടരെ മൂന്നാം തവണയാണ് ഇന്ത്യ ഏഷ്യൻ വനിതാ കബഡി ചാമ്പ്യൻഷിപ്പ് കിരീടം സ്വന്തമാക്കുന്നത്.
    - ➔ ആകെ അഞ്ചു തവണ ഇന്ത്യ ഏഷ്യൻ വനിതാ കബഡി ചാമ്പ്യൻഷിപ്പ് കിരീടം സ്വന്തമാക്കിയിട്ടുണ്ട്.
- 2025ലെ ഏഷ്യൻ വനിതാ കബഡി ചാമ്പ്യൻഷിപ്പിന്റെ വേദി - ഇറാൻ

## ഐക്യു എയർ ലോക വായു ഗുണനിലവാര റിപ്പോർട്ട് 2024

- സ്വിസ് സ്ഥാപനമായ ഐക്യു എയർ ആണ് റിപ്പോർട്ട് തയ്യാറാക്കിയത്.
- ലോകത്ത് ഏറ്റവും മോശം വായു ഗുണനിലവാരമുള്ള രാജ്യങ്ങളുടെ റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം - 5

    - ഒന്നാം സ്ഥാനം - ചാഡ്
    - രണ്ടാം സ്ഥാനം - ബംഗ്ലാദേശ്
    - മൂന്നാം സ്ഥാനം - പാകിസ്ഥാൻ
    - നാലാം സ്ഥാനം - ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ
- ലോകത്ത് മികച്ച വായു ഗുണനിലവാരമുള്ള രാജ്യങ്ങളുടെ റാങ്കിങ്ങിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് - ബഹാമസ്
    - രണ്ടാം സ്ഥാനം - ബെർമുഡ
    - മൂന്നാം സ്ഥാനം - ഫ്രഞ്ച് പോളിനേഷ്യ
- ലോകത്തിലെ ഏറ്റവും മലിനമായ നഗരം - ബൈർണിഹട്ട് (ഇന്ത്യ)
    - മേഘാലയ-ആസാം അതിർത്തിയിലെ ഒരു ചെറിയ വ്യവസായ പട്ടണമാണ് ബൈർണിഹട്ട്.
    - രണ്ടാം സ്ഥാനം - ഡൽഹി (ഇന്ത്യ)
    - മൂന്നാം സ്ഥാനം - കരഗണ്ട (കസാക്കിസ്ഥാൻ)
- ലോകത്തിലെ ഏറ്റവും മലിനമായ തലസ്ഥാന നഗരം - ഡൽഹി (ഇന്ത്യ)

## ലോകം

- ട്രാൻസ്പരൻസി ഇന്റർനാഷണൽ പ്രസിദ്ധീകരിച്ച 2024 ലെ കറപ്ഷൻ പെർസെപ്ഷൻ ഇൻഡെക്സ് റിപ്പോർട്ട് (സിപിഐ) പ്രകാരം ഏറ്റവും അഴിമതി കുറഞ്ഞ രാജ്യം - ഡെൻമാർക്ക്
    - പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം - 96

- ഇംഗ്ലീഷ് അമേരിക്കയുടെ ഔദ്യോഗിക ഭാഷയാക്കി മാറ്റുന്നതിനുള്ള എക്സിക്യൂട്ടീവ് ഉത്തരവിൽ ഒപ്പു വെച്ച പ്രസിഡന്റ് - ഡൊണാൾഡ് ട്രംപ്

- 2025 മാർച്ചിൽ ഓസ്ട്രേലിയയിൽ നാശം വിതച്ച ചുഴലിക്കാറ്റ് - ആൽഫ്രഡ്

- കോമൺവെൽത്ത് ഗെയിംസ് ഫെഡറേഷന്റെ പുതിയ പേര് - കോമൺവെൽത്ത് സ്പോർട്

- 2025 ലെ മൗറീഷ്യസിന്റെ ദേശീയ ദിന പരേഡിൽ മുഖ്യാതിഥിയായി പങ്കെടുത്തത് - നരേന്ദ്ര മോദി (ഇന്ത്യൻ പ്രധാനമന്ത്രി)
    - ➔ 1968 മാർച്ച് 12 നാണ് മൗറീഷ്യസ് യുണൈറ്റഡ് കിംഗ്ഡത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയത്.
    - ➔ മാർച്ച് 12 മൗറീഷ്യസ് ദേശീയ ദിനമായി ആഘോഷിക്കുന്നു.

- 2025 ലെ മൗറീഷ്യസിന്റെ ദേശീയ ദിന പരേഡിൽ പങ്കെടുത്ത ഇന്ത്യയുടെ സേനാ വിഭാഗം - ഇന്ത്യൻ നാവികസേന

- പ്രകാശത്തെ സൂപ്പർസോളിഡാക്കി (അതിഖരാവസ്ഥയിലുള്ള പദാർഥം) പരിവർത്തനം ചെയ്ത ഗവേഷണ സ്ഥാപനം - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒപ്റ്റിക്സ് , ഇറ്റലി
    - ➔ ഖരരൂപത്തിലുള്ള ഒരു വസ്തുവിന്റെ സവിശേഷതകളോടൊപ്പം ദ്രാവകരൂപത്തിലുള്ള ഒരു വസ്തുവിന്റെ സവിശേഷതകളും പ്രകടിപ്പിക്കുന്ന അവസ്ഥയാണ് സൂപ്പർസോളിഡ്. അതായത്, സൂപ്പർ സോളിഡുകൾക്ക് ഒരു നിശ്ചിത ആകൃതി ഉണ്ടായിരിക്കുകയും അതേസമയം ഘർഷണമില്ലാതെ ഒഴുകാൻ കഴിയുകയും ചെയ്യും.

- യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഉടമസ്ഥതയിലുള്ള സാമൂഹ്യ മാധ്യമം - ട്രൂത്ത് സോഷ്യൽ
    - ➔ അടുത്തിടെ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ട്രൂത്ത് സോഷ്യലിൽ അക്കൗണ്ട് ആരംഭിച്ചു.

- പൂർണമായും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പുറത്തിറക്കിയ ലോകത്തിലെ ആദ്യത്തെ ദിനപത്രം - ഇൽ ഫോഗ്ലിയോ (ഇറ്റാലിയൻ പത്രം)

- 2025 മാർച്ചിൽ പൊട്ടിത്തെറിച്ച ലെവോടോബി ലാക്കി-ലാക്കി അഗ്നിപർവ്വതം സ്ഥിതി ചെയ്യുന്ന രാജ്യം - ഇന്തോനേഷ്യ

## ഇന്ത്യ

- 2024 ലെ നാഷണൽ സേഫ്റ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ (NSCI) സേഫ്റ്റി അവാർഡുകളിൽ 'സർവശ്രേഷ്ഠ സുരക്ഷാ പുരസ്കാരം (ഗോൾഡൻ ട്രോഫി)' നേടിയ  വിമാനത്താവളം - മോപ്പ വിമാനത്താവളം, ഗോവ (മനോഹർ അന്താരാഷ്ട്ര വിമാനത്താവളം)

- ഡിജിറ്റൽ പൈലറ്റ് ലൈസൻസുകൾ അവതരിപ്പിച്ച രണ്ടാമത്തെ രാജ്യമെന്ന നേട്ടം സ്വന്തമാക്കിയത് - ഇന്ത്യ

- പരമ്പരാഗത അലി ഐ ലിഗാങ് ഉത്സവം ആഘോഷിക്കുന്ന ആസാമിലെ ഗോത്ര വിഭാഗം - മിസിംഗ് ഗോത്രം
    - ➔ കൃഷിയുടെ തുടക്കത്തെ സൂചിപ്പിക്കുന്ന ഒരു പരമ്പരാഗത ഉത്സവമാണ് അലി ഐ ലിഗാംഗ്.

- ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് എയ്ഡ്സ് ടു മറൈൻ നാവിഗേഷന്റെ (IALA) വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട രാജ്യം - ഇന്ത്യ
    - ➔ 1957-ൽ ഒരു സർക്കാരിതര സംഘടന (NGO) ആയാണ് ഐഎഎൽഎ സ്ഥാപിതമായത്.
    - ➔ 2024 ഓഗസ്റ്റ് 22-ന് ഐഎഎൽഎ ഒരു അന്തർ സർക്കാർ സംഘടന (IGO) ആയി.
    - ➔ സുരക്ഷിതവും കാര്യക്ഷമവുമായ സമുദ്ര നാവിഗേഷനായി ആഗോള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന ഒരു സംഘടനയാണ് ഐഎഎൽഎ.

- 2025 മാർച്ചിൽ നവരത്ന പദവി ലഭിച്ച കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങൾ - ഇന്ത്യൻ റെയിൽവേ കാറ്ററിങ് ആൻഡ് ടൂറിസം കോർപ്പറേഷൻ(ഐ.ആർ.സി.ടി.സി.), ഇന്ത്യൻ റെയിൽവേ ഫിനാൻസ് കോർപ്പറേഷൻ (ഐ.ആർ.എഫ്.സി.)
    - ➔ ഇതോടെ രാജ്യത്ത് ആകെ 26 നവരത്ന കമ്പനികളായി.
    - ➔ സാമ്പത്തിക സ്വയംഭരണമുള്ള കേന്ദ്രപൊതുമേഖല സ്ഥാപനങ്ങളാണ് നവരത്ന കമ്പനികൾ.
    - ➔ മികച്ച സാമ്പത്തികനേട്ടം പ്രകടിപ്പിക്കുന്ന സ്ഥാപനങ്ങൾക്കാണ് നവരത്ന പദവി നൽകുന്നത്.
    - ➔ 1999 ലാണ് ഐആർസിടിസി സ്ഥാപിതമായത്. ഇന്ത്യൻ റെയിൽവേയുടെ ടിക്കറ്റിംഗ്, കാറ്ററിംഗ്, ടൂറിസം സേവനങ്ങൾ എന്നിവയാണ് ഐആർസിടിസി കൈകാര്യം ചെയ്യുന്നത്.
    - ➔ 1986 ൽ സ്ഥാപിതമായ ഐആർഎഫ്സി, ഇന്ത്യൻ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണ പദ്ധതികൾക്കും ഫണ്ട് സമാഹരിക്കുന്ന സ്ഥാപനമാണ്.

- അടുത്തിടെ പശ്ചിമഘട്ടത്തിലെ  മഹാബലേശ്വർ മേഖലയിൽ കണ്ടെത്തിയ പുതിയ ഇനം ക്രിക്കറ്റ് തവള - മിനർവാര്യ ഘടിബോറിയലിസ് (Minervarya Ghatiborealis)

- ഇന്ത്യയിലെ ഏറ്റവും വലിയ ഗ്രീൻഫീൽഡ് ഡൊമസ്റ്റിക് കാർഗോ ടെർമിനൽ (ഡിസിടി) ആരംഭിച്ചത് - കെംപഗൗഡ അന്താരാഷ്ട്ര വിമാനത്താവളം , ബെംഗളൂരു

- മാലിദ്വീപിലെ മാലെയിൽ നടന്ന 13-ാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ ബംഗാൾ ഉൾക്കടൽ അന്തർ സർക്കാർ സംഘടനയുടെ അധ്യക്ഷസ്ഥാനം ഏറ്റെടുത്ത രാജ്യം - ഇന്ത്യ

- ആശാ വർക്കർമാർക്ക് ഗ്രാറ്റുവിറ്റി പേയ്മെന്റുകൾ ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം - ആന്ധ്രാപ്രദേശ്

- നിർമ്മാണ മേഖലയിൽ രാജ്യത്ത് ആദ്യമായി സ്ത്രീകൾക്ക് ആർത്തവഅവധി പ്രഖ്യാപിച്ചത് - എൽ&ടി കമ്പനി (ലാർസൺ & ടുബ്രോ കമ്പനി)

- സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി 'പ്രൊജക്റ്റ് ഹിഫാസത്ത്' ആരംഭിച്ച സംസ്ഥാനം - പഞ്ചാബ്

- ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ ലിഫ്റ്റ് റെയിൽവേ കടൽപ്പാലം - പാമ്പൻ
  - ➔ രാമനാഥപുരം ജില്ലയിലെ പാമ്പൻ ദ്വീപിനെയും തീർഥാടനകേന്ദ്രമായ രാമേശ്വരത്തെയും ബന്ധിപ്പിക്കുന്ന റെയിൽവേ കടൽപ്പാലമാണ് പാമ്പൻ.

- ഇന്ത്യയിലെ 58-ാമത് കടുവാ സംരക്ഷണ കേന്ദ്രം - മാധവ് ടൈഗർ റിസർവ് (മധ്യപ്രദേശ്)
    - ➔ ഇതോടെ മധ്യപ്രദേശിലെ ആകെ കടുവാ സംരക്ഷണ കേന്ദ്രങ്ങളുടെ എണ്ണം 9 ആയി.

- രാഷ്ട്രപതി ഭരണം നിലവിലുള്ള മണിപ്പൂരിനായി 2025-26 വർഷത്തെ ബജറ്റ് ലോകസഭയിൽ അവതരിപ്പിച്ച കേന്ദ്രമന്ത്രി - നിർമല സീതാരാമൻ (കേന്ദ്ര ധനമന്ത്രി)

- ചൈനയ്ക്കും യുഎസിനും ശേഷം ലോകത്തിലെ മൂന്നാമത്തെ വലിയ മെട്രോ ശൃംഖലയുള്ള രാജ്യം - ഇന്ത്യ

- 2025 മാർച്ചിൽ യുനെസ്കോയുടെ ലോക പൈതൃക സ്ഥലങ്ങളുടെ താൽക്കാലിക പട്ടികയിൽ ഇടം നേടിയ ഛത്തീസ്ഗഡിലെ ദേശീയോദ്യാനം - കാംഗർ വാലി ദേശീയോദ്യാനം

- മഹാത്മാഗാന്ധി, ശ്രീനാരായണഗുരുദേവനെ ശിവഗിരിയിൽ സന്ദർശിച്ചതിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി നിലവിൽ വന്ന ശതാബ്ദിസ്മാരക മ്യൂസിയം നാടിന് സമർപ്പിച്ചത് - തുഷാർ ഗാന്ധി (ഗാന്ധിജിയുടെ ചെറുമകൻ)
    - ➔ 1925 മാർച്ച് 12ന് ശ്രീനാരായണഗുരുവിന്റെയും മഹാത്മാഗാന്ധിയുടെയും ചരിത്രസമാഗമത്തിനു വേദിയായ വനജാക്ഷിമന്ദിരമാണ് ശതാബ്ദിസ്മാരക മ്യൂസിയമാക്കിയത്.

- സംസ്ഥാന ബജറ്റ് ലോഗോയിൽ നിന്നും ഇന്ത്യൻ രൂപയുടെ ചിഹ്നം മാറ്റിയ സംസ്ഥാനം - തമിഴ്നാട്
    - ➔ ഇന്ത്യൻ രൂപയുടെ ചിഹ്നത്തിന് പകരമായി തമിഴ് ലിപി അടിസ്ഥാനമാക്കിയ ചിഹ്നമാണ് കൂട്ടി ചേർത്തത്.

- 2025 മാർച്ചിൽ യുനെസ്കോയുടെ ലോക പൈതൃക സ്ഥലങ്ങളുടെ താൽക്കാലിക പട്ടികയിൽ ഇടം നേടിയ ഇന്ത്യയുടെ 6 സൈറ്റുകൾ - കാംഗർ വാലി നാഷണൽ പാർക്ക് (ഛത്തീസ്ഗഡ്), മുദുമൽ മെഗാലിത്തിക് മെൻഹിറുകൾ (തെലങ്കാന), ചൗസത് യോഗിനി ക്ഷേത്രങ്ങൾ, ബുണ്ടേല കൊട്ടാരം-കോട്ടകൾ (മധ്യപ്രദേശ് & ഉത്തർപ്രദേശ്), ഉത്തരേന്ത്യയിലെ ഗുപ്ത ക്ഷേത്രങ്ങൾ, മൗര്യ പാതകളിലെ അശോക ശാസനങ്ങളുടെ സ്ഥലങ്ങൾ

- വിദ്യാഭ്യാസം, തൊഴിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ എന്നിവയിൽ പിന്നാക്ക വിഭാഗങ്ങൾക്കുള്ള സംവരണം 42% വർദ്ധിപ്പിക്കുന്നതിനുള്ള ബിൽ 2025 മാർച്ചിൽ പാസാക്കിയ സംസ്ഥാനം - തെലങ്കാന

- നിയമസഭ നടപടികൾ ആംഗ്യഭാഷയിൽ സംപ്രേഷണം ചെയ്യുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനം - പഞ്ചാബ്

- ഗുജറാത്തിലെ ആദ്യ മാതൃകാ പരിസ്ഥിതി ഗ്രാമം - ധജ്

- 2025 മാർച്ച് 28-ന് ഭൂകമ്പം ഉണ്ടായ മ്യാന്മാറിൽ സഹായം എത്തിക്കുന്നതിനുള്ള ഇന്ത്യയുടെ ഓപ്പറേഷന് നൽകിയ പേര് - ഓപ്പറേഷൻ ബ്രഹ്മ

## കേരളം

- നേരിട്ടുള്ള വിൽപ്പന മേഖലയിൽ സുതാര്യവും ഉപഭോക്തൃ സൗഹൃദവുമാക്കുന്നതിനായി ഡയറക്ട് സെല്ലിംഗ് മോണിറ്ററിംഗ് മെക്കാനിസം ആരംഭിച്ച സംസ്ഥാനം - കേരളം

- സംസ്ഥാനത്തെ ആദ്യ ഐ.എസ്.ഒ. സർട്ടിഫൈഡ് താലൂക്ക് ഓഫീസ് - ഏറനാട് താലൂക്ക് ഓഫീസ് (മലപ്പുറം)
    - ➔ പൊതുജനങ്ങൾക്ക് മികച്ച സേവനം സമയബന്ധിതമായി നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓഫീസിൽ ഒരുക്കിയതിനാണ് ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷന്റെ ഗുണമേന്മ സർട്ടിഫിക്കേഷൻ ലഭിച്ചത്.

- കേരള പോലീസിലെ കംപ്യൂട്ടറുകൾക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും സൈബർ സുരക്ഷാ കവചം ഒരുക്കി സംരക്ഷിക്കുന്നതിന് കേരള പോലീസ് ആരംഭിച്ച സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ (SOC) ഉദ്ഘാടനം ചെയ്തത് - പിണറായി വിജയൻ (കേരള മുഖ്യമന്ത്രി)
    - ➔ കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിലുള്ള സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സ് ( CDOT)ന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

- സംസ്ഥാനത്ത് ഉപയോഗ ശൂന്യമായി കിടക്കുന്ന മേൽപ്പാലങ്ങളുടെ അടിഭാഗങ്ങൾ ജനസൗഹൃദ പൊതുയിടങ്ങളാക്കി മാറ്റുകയെന്ന ടൂറിസം വകുപ്പിന്റെ പദ്ധതിയുടെ ഭാഗമായി തയാറാക്കിയ ആദ്യ വി പാർക്ക് നിലവിൽ വന്ന ജില്ല - കൊല്ലം

- കൊല്ലം ജില്ല രൂപീകൃതമായതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ കൊല്ലം ആശ്രാമം മൈതാനിയിൽ സംഘടിപ്പിച്ച പ്രദർശന-വിപണന മേള - കൊല്ലം @ 75
    - ➔ 1949 ജൂലൈ ഒന്നിനാണ് കൊല്ലം ജില്ല രൂപീകൃതമായത്.

- പിഎസ്‌സി ആസ്ഥാനത്ത് നിലവിൽ വന്ന കേരള പബ്ലിക് സർവീസ് കമ്മിഷൻ മ്യൂസിയം ഉദ്ഘാടനം ചെയ്തത് - പിണറായി വിജയൻ (കേരള മുഖ്യമന്ത്രി)

- കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടന്ന 37-ാമത് ഓൾ ഇന്ത്യ പോസ്റ്റൽ കൾച്ചറൽ മീറ്റിൽ ജേതാക്കളായത് - കേരളം
  - ➔ കർണാടക രണ്ടാം സ്ഥാനവും , ഒഡിഷ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

- അടുത്തിടെ കൊല്ലം ജില്ലയിലെ റോസ് മലയിൽ നിന്നും കണ്ടെത്തിയ പുതിയ ഇനം പായൽ - ഷിത്തിയ റോസ്മലയൻസിസ്
  - ➔ ശുദ്ധജല ആവാസവ്യവസ്ഥകളിൽമാത്രം കാണുന്ന റെഡ് ആൽഗെ വിഭാഗത്തിലെ ഷിത്തിയ വർഗത്തിൽ ഉൾപ്പെടുന്ന സസ്യമാണ് കണ്ടെത്തിയത്.

- ആലപ്പുഴ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം വികസിപ്പിച്ച പുതിയ ഇനം നെല്ലുകൾ - പുണ്യ, ആദ്യ

- ഡിജിയാത്രാ പദ്ധതിയിൽ ഉൾപ്പെടുത്തിയ കേരളത്തിലെ രണ്ടാമത്തെ വിമാനത്താവളം - തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം
  - ➔ കൊച്ചി വിമാനത്താവളമാണ് ഡിജിയാത്രാ പദ്ധതിയിൽ ഉൾപ്പെട്ട കേരളത്തിലെ ആദ്യ വിമാനത്താവളം.
  - ➔ യാത്രക്കാരുടെ മുഖം തിരിച്ചറിഞ്ഞ്, പേപ്പർ രേഖകൾ ഒഴിവാക്കി വിമാനയാത്ര സാധ്യമാക്കുന്ന പദ്ധതിയാണ് ഡിജിയാത്രാ പദ്ധതി.

- ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ പോലീസ്, എക്സൈസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധസംഘങ്ങൾ, മാതാപിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവരുടെ സംയോജിത സഹകരണത്തോടെ ഉന്നതവിദ്യാഭ്യാസ വകുപ്പ് നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല ക്യാമ്പയിൻ - ലൈഫ് ഈസ് ബ്യൂട്ടിഫുൾ

- വയോജനങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ വയോജന കമ്മീഷൻ രൂപീകരിക്കുന്ന ആദ്യ സംസ്ഥാനം - കേരളം
  - സാമൂഹ്യ നീതി വകുപ്പിന് കീഴിലാണ് വയോജന കമ്മീഷൻ പ്രവർത്തിക്കുക.
  - അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോടെയാണ് കമ്മീഷൻ രൂപീകരിക്കപ്പെടുന്നത്.
  - കമ്മീഷനിൽ സർക്കാർ വിജ്ഞാപനം വഴി നിയമിക്കുന്ന ഒരു ചെയർപേഴ്സണും നാലിൽ കവിയാത്ത എണ്ണം അംഗങ്ങളും ഉണ്ടായിരിക്കും. ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ നിയമിക്കപ്പെടുന്ന എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കും. അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കും.
  - വയോജന കമ്മീഷൻ തിരുവനന്തപുരം ആസ്ഥാനമായാണ് പ്രവർത്തിക്കുക.
  - വയോജനങ്ങളുടെ (60 വയസ്സിന് മുകളിലുള്ളവർ) ക്ഷേമം, സംരക്ഷണം, പുനരധിവാസം തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളിലും സുരക്ഷിതത്വം ഉറപ്പാക്കി അവരുടെ ഉത്പാദനക്ഷമത, മൗലികവും നൂതനവുമായ ആശയങ്ങൾ, മറ്റ് സർഗ്ഗാത്മക കഴിവുകൾ എന്നിവ സാമൂഹിക സാമ്പത്തിക വികസനത്തിന് ഉപയോഗിക്കുക എന്നതാണ് കമ്മീഷന്റെ പ്രഥമ ലക്ഷ്യം.

- കേരളത്തിലെ ലഹരിവ്യാപനം തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഓപ്പറേഷൻ - ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ്

- സംസ്ഥാനത്തെ ആദ്യത്തെ ബുക്ക് വെൻഡിങ് മെഷീൻ സ്ഥാപിതമായ നഗരം - തിരുവനന്തപുരം
  - ➔ ബുക്ക് മാർക്ക് കേരള ബാങ്കിന്റെ സഹകരണത്തോടെയാണ് ബുക്ക് വെൻഡിങ് മെഷീൻ സ്ഥാപിച്ചത്.

- കേരളത്തിലെ ആദ്യ ഹരിത റെയിൽവേ സ്റ്റേഷൻ - കണ്ണപുരം, കണ്ണൂർ

# കായികം

- 2025 മാർച്ചിൽ അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റ് മത്സരങ്ങളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ആസ്ട്രേലിയൻ താരം - സ്റ്റീവ് സ്മിത്ത്

- മോണ്ടെനെഗ്രോയിലെ പെട്രോവാക്കിൽ നടന്ന 2025 ലെ ലോക ജൂനിയർ ചെസ് ചാംപ്യൻഷിപ്പിലെ ഓപ്പൺ വിഭാഗത്തിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യക്കാരൻ - പ്രണവ് വെങ്കടേഷ്
  - ➔ വിശ്വാനാഥൻ ആനന്ദ് (1987) പി ഹരികൃഷ്ണ (2004), അഭിജീത് ഗുപ്ത (2008) എന്നിവരാണ് ഇതിനു മുൻപ് ലോക ജൂനിയർ ചെസ് ചാംപ്യൻഷിപ്പിലെ ഓപ്പൺ വിഭാഗം ചാമ്പ്യന്മാർ ആയ ഇന്ത്യക്കാർ.

- ലോറസ് വേൾഡ് സ്പോർട്സ് പുരസ്കാരത്തിനുള്ള ചുരുക്കപ്പട്ടികയിൽ ഇടം നേടിയ ഇന്ത്യൻ ക്രിക്കറ്റ് താരം - ഋഷബ് പന്ത്
    - ➔ കളിക്കളത്തിലെ ഏറ്റവും മികച്ച തിരിച്ചുവരവിനുള്ള (കംബാക്ക് ഓഫ് ദി ഇയർ) പുരസ്കാരത്തിനാണ് ഋഷബ് പന്തിന് നോമിനേഷൻ ലഭിച്ചത്.
    - ➔ സച്ചിൻ ടെണ്ടുൽക്കർക്കു ശേഷം ലോകത്തിലെ ഏറ്റവും മികച്ച താരങ്ങൾക്ക് നൽകുന്ന ലോറസ് അവാർഡിനു നോമിനേഷൻ ലഭിക്കുന്ന രണ്ടാമത്തെ മാത്രം ക്രിക്കറ്റ് താരമാണ് ഋഷബ് പന്ത്.

- 2025ലെ പ്രാഗ് മാസ്റ്റേഴ്സ് ചെസ്സ് ടൂർണമെന്റിൽ കിരീടം കരസ്ഥമാക്കിയ ഇന്ത്യക്കാരൻ - അരവിന്ദ് ചിദംബരം

- കേന്ദ്ര കായിക മന്ത്രാലയം വിലക്ക് പിൻവലിച്ച ദേശീയ സ്പോർട്സ് ഫെഡറേഷൻ - ദേശീയ ഗുസ്തി ഫെഡറേഷൻ
    - ➔ സംഘടനയുടെ നടത്തിപ്പിൽ അപാകമുണ്ടെന്നുകാട്ടി 2023 ഡിസംബറിലാണ് കേന്ദ്ര കായികമന്ത്രാലയം ദേശീയ ഗുസ്തി ഫെഡറേഷനെ സസ്പെൻഡുചെയ്തത്.

- ഹോക്കി ഇന്ത്യ ബൽബീർ സിംഗ് സീനിയർ പ്ലെയർ ഓഫ് ദി ഇയർ അവാർഡ് 2024
    - ➔ പുരുഷ വിഭാഗം ജേതാവ് - ഹർമൻപ്രീത് സിംഗ്
    - ➔ വനിതാ വിഭാഗം ജേതാവ് - സവിത പുനിയ

- 2025ലെ ഫോർമുലവൺ ഓസ്ട്രേലിയൻ ഗ്രാൻപ്രീ കിരീട ജേതാവ് - ലാൻഡോ നോറിസ്

- 2025 ലെ ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ ഭാഗ്യചിഹ്നം - ഉജ്ജ്വല എന്ന കുരുവി
    - 2025 ലെ ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ വേദി - ന്യൂഡൽഹി

- 2025ലെ ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിലെ  വനിതകളുടെ 62 കിലോഗ്രാം വിഭാഗത്തിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ താരം - മനീഷ ഭൻവാല

- 2025ലെ ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിന്റെ വേദി - അമ്മാൻ, ജോർദാൻ

- രാജ്യാന്തര ഹോക്കി ഫെഡറേഷൻ സംഘടിപ്പിക്കുന്ന 2025-ലെ ജൂനിയർ പുരുഷ ഹോക്കി ലോകകപ്പിന്റെ വേദി - ഇന്ത്യ
    - ജൂനിയർ പുരുഷ ഹോക്കി ലോകകപ്പിന്റെ 14-ാമത് പതിപ്പ്.
    - 2025 ലെ എഫ്ഐഎച്ച് ജൂനിയർ പുരുഷ ഹോക്കി ലോകകപ്പ് ചെന്നൈയിലും മധുരയിലുമായി നടക്കും.
    - ഇന്ത്യയിൽ നടക്കുന്ന മൂന്നാമത്തെ എഫ്ഐഎച്ച് ജൂനിയർ പുരുഷ ലോകകപ്പാണിത്.

- പുരുഷന്മാരുടെ 100 മീറ്റർ ഓട്ടമത്സരത്തിൽ പുതിയ ദേശീയ റെക്കോഡ് സ്വന്തമാക്കിയ താരം - ഗുരീന്ദർവീർ സിങ്
    - ബെംഗളുരു സായ് സെന്ററിൽ നടന്ന ഇന്ത്യൻ ഗ്രാൻപ്രീ അത്‌ലറ്റിക്സിലായിരുന്നു റെക്കോഡ് പ്രകടനം.
    - 10.20 സെക്കൻഡിൽ ഫിനിഷ് ചെയ്ത ഗുരീന്ദർ വീർ 2023 ഒക്ടോബറിൽ മണികണ്ഠ ഹോബ്ലിധറിന്റെ പേരിലുണ്ടായിരുന്ന ( 10.23 സെക്കൻഡ്) റെക്കാഡാണ് മറികടന്നത്.

- 2025 മാർച്ചിൽ അന്താരാഷ്ട്ര ടേബിൾ ടെന്നീസ് മത്സരങ്ങളിൽ നിന്ന് വിരമിച്ച ഇന്ത്യൻ താരം - അചന്ത ശരത് കമൽ
    - ➔ 5 ഒളിമ്പിക്സുകളിൽ അദ്ദേഹം ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.
    - ➔ കോമൺവെൽത്ത് ഗെയിംസുകളിൽ 7 സ്വർണം ഉൾപ്പെടെ 13 മെഡലുകൾ നേടി.
    - ➔ ഏഷ്യൻ ഗെയിംസിൽ രണ്ട് വെങ്കലവും കരസ്ഥമാക്കിയിട്ടുണ്ട്.
    - ➔ 2004ൽ അർജുന പുരസ്കാരം കരസ്ഥമാക്കി.
    - ➔ 2019ൽ രാജ്യം പദ്മശ്രീ നൽകി ആദരിച്ചു.
    - ➔ രാജ്യത്തെ ഏറ്റവും വലിയ കായിക ബഹുമതിയായ ഖേൽരത്ന പുരസ്കാരം 2022ൽ ലഭിച്ചു.

# സാഹിത്യം

- കടമ്മനിട്ട രാമകൃഷ്ണൻ ഫൗണ്ടേഷന്റെ 2025ലെ കടമ്മനിട്ട രാമകൃഷ്ണൻ പുരസ്കാരത്തിന് അർഹയായത് - ഡോ. എം ലീലാവതി
    - ➔ 2024 ലെ കടമ്മനിട്ട രാമകൃഷ്ണൻ പുരസ്കാരത്തിന് അർഹനായത് - റഫീഖ് അഹമ്മദ്

- 'ഇടശ്ശേരിക്കാറ്' എന്ന കഥാസമാഹാരത്തിന്റെ രചയിതാവ് - കെ. പി. രാമനുണ്ണി

- ഇന്ത്യയുടെ സമാധാന നോബൽ ജേതാവ് കൈലാഷ് സത്യാർത്ഥിയുടെ ആത്മകഥ - ദിയാസലൈ

- കേന്ദ്ര സാഹിത്യ അക്കാദമിയുടെ 2024-ലെ മികച്ച മലയാള പരിഭാഷയ്ക്കുള്ള പുരസ്കാരത്തിന് അർഹനായ സാഹിത്യകാരൻ - കെ.വി. കുമാരൻ
  - ➔ കന്നഡ എഴുത്തുകാരൻ എസ്. എൽ. ഭൈരപ്പയുടെ യാനം എന്ന നോവലിന്റെ മലയാളം പരിഭാഷയ്ക്കാണ് പുരസ്കാരം.

- കവി വള്ളത്തോളിന്റെ ജീവിതവും ദർശനവും പ്രമേയമാകുന്ന നോവൽ - നിർന്നിമേഷമായ് നിൽക്ക
  - ➔ വള്ളത്തോൾ കുടുംബാംഗവും, മലയാളസർവകലാശാലാ മുൻ വൈസ് ചാൻസലറുമായ ഡോ. അനിൽ വള്ളത്തോൾ ആണ് നോവലിന്റെ രചയിതാവ്.

- ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ളയുടെ ഇംഗ്ലീഷ് കവിതാ സമാഹാരമായ 'ഓ മിസോറം' കൊങ്കണി ഭാഷയിലേക്ക് വിവർത്തനം ചെയ്തത് - ആർ. എസ്. ഭാസ്ക്കർ
  - ➔ 'ഹേ മിസോറം' കൊങ്കിണി ഭാഷയിലുള്ള പുസ്തകത്തിന്റെ പേര്.

- സാംസ്കാരികവകുപ്പിന് കീഴിലെ തകഴി സ്മാരക സമിതി ഏർപ്പെടുത്തിയ 2025ലെ തകഴി സാഹിത്യ പുരസ്കാരത്തിന് അർഹനായത് - കെ. പി. സുധീര
  - ➔ മലയാളഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ വ്യക്തികൾക്കാണ് പുരസ്കാരം നൽകുന്നത്.
  - ➔ 2024ലെ തകഴി സാഹിത്യ പുരസ്കാര ജേതാവ് - എം. കെ. സാനു  മാസ്റ്റർ

- അഷിതാസ്മാരക സമിതി നൽകുന്ന സമഗ്രസംഭാവനാ പുരസ്കാരത്തിന് 2025ൽ അർഹനായ എഴുത്തുകാരൻ - എം. മുകുന്ദൻ

- ‘ലിയോ: ദി അൺടോൾഡ് സ്റ്റോറി ഓഫ് ചെന്നൈ സൂപ്പർ കിംഗ്സ്’ എന്ന പുസ്തകത്തിന്റെ രചയിതാവ് - പി. എസ്. രാമൻ

- 1975-ൽ ഇന്ത്യ നേടിയ ഹോക്കി ലോകകപ്പ് വിജയത്തിന്റെ 50 വർഷങ്ങൾ ആഘോഷിക്കുന്നതിന്റെ ഭാഗമായി പ്രകാശനം ചെയ്ത പുസ്തകം - മാർച്ച് ഓഫ് ഗ്ലോറി
  - ➔ ഹോക്കി ചരിത്രകാരനായ കെ. അറുമുഖവും പത്രപ്രവർത്തകൻ എറോൾ ഡിക്രൂസും ആണ് പുസ്തകത്തിന്റെ രചയിതാക്കൾ.

## മറ്റ് പുരസ്കാരങ്ങൾ

- ഇന്ത്യ-യു.കെ. വ്യാപാരബന്ധത്തിനുനൽകിയ സേവനങ്ങൾ മുൻനിർത്തി 2025 ൽ യു.കെ. ഓണററി നൈറ്റ്ഹുഡ് ‘ദ മോസ്റ്റ് എക്സലന്റ് ഓർഡർ ഓഫ് ബ്രിട്ടീഷ് എംപയർ’ ബഹുമതിക്ക് അർഹനായ ടാറ്റ ഗ്രൂപ്പ് ചെയർമാൻ - എൻ. ചന്ദ്രശേഖരൻ

- കേരള മീഡിയ അക്കാദമിയുടെ മുഖമാസികയായ 'മീഡിയ'യുടെ 2025ലെ ‘മീഡിയ പേഴ്സൺ ഓഫ് ദി ഇയർ’ പുരസ്കാരത്തിന് അർഹയായ പ്രശസ്ത ആഫ്രിക്കൻ മാധ്യമ പ്രവർത്തക - മരിയം ഔഡ്രാഗോ
  - ➔ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ലൈംഗികാതിക്രമം നടത്തുന്നവർക്കെതിരെ അന്താരാഷ്ട്ര തലത്തിൽ പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടുകളാണ് മരിയയെ അവാർഡിനർഹയാക്കിയത്.
  - ➔ ഉക്രൈനിലെ നതാലിയ ഗുമെനിയുക്കും (Nataliya Gumenyuk) അൽ ജസീറ ചാനലിന്റെ അവതാരകയായ എലിസബത്ത് പുരാനമിനും (Elizabeth Puranam) പ്രത്യേക പരാമർശത്തിനർഹരായി.

- ഉക്രൈൻ-റഷ്യ യുദ്ധത്തിനിടയിൽ ഉക്രൈനിൽനിന്നും കുട്ടികളെ റഷ്യൻ സൈന്യം തട്ടിക്കൊണ്ടുപോകുന്നു എന്ന നതാലിയയുടെ വാർത്തയെത്തുടർന്നാണ് റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിനെതിരെ അന്താരാഷ്ട്ര ക്രിമിനൽ കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചത്.
- പലസ്തീനിലെയും സിറിയയിലെയും മധ്യേഷ്യയിലെയും സംഭവവികാസങ്ങൾ ഏറ്റവുമധികം അവതരിപ്പിച്ച മാധ്യമപ്രവർത്തകയാണ് എലിസബത്ത്. ന്യൂസിലണ്ട് സ്വദേശിയാണ് എലിസബത്ത്.

- മൗറീഷ്യസിന്റെ 'ദി ഗ്രാൻഡ് കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ആൻഡ് കീ ഓഫ് ദി ഇന്ത്യൻ ഓഷ്യൻ' എന്ന പരമോന്നത ബഹുമതി ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി - നരേന്ദ്ര മോദി
  - മൗറീഷ്യസിന്റെ 'ദി ഗ്രാൻഡ് കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ആൻഡ് കീ ഓഫ് ദി ഇന്ത്യൻ ഓഷ്യൻ' ബഹുമതി ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് മോദി.

- തണ്ണീർത്തട സംരക്ഷണത്തിനായുള്ള മികച്ച പ്രവർത്തനത്തിന് 2025ലെ 'റാംസർ വെറ്റ്‌ലാൻഡ് വൈസ് യൂസ്' പുരസ്കാരം നേടിയ ഇന്ത്യക്കാരി - ജയശ്രീ വെങ്കടേശൻ
  - റംസാർ പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യക്കാരിയാണ് ജയശ്രീ വെങ്കടേശൻ.
  - തണ്ണീർത്തടങ്ങളുടെ സുസ്ഥിര പരിപാലനത്തിനായി സമർപ്പിതരായ വ്യക്തികളെയും സംഘടനകളെയും ആദരിക്കുന്നതിനാണ് റാംസർ പുരസ്കാരങ്ങൾ നൽകുന്നത്.

- ഗോൾഡ് മെർക്കുറി ഇന്റർനാഷണൽ നൽകുന്ന 2025 ലെ ഗോൾഡ് മെർക്കുറി അവാർഡിന് അർഹനായത് - ദലൈലാമ

- ലണ്ടനിലെ സെൻട്രൽ ബാങ്കിംഗ് നൽകുന്ന 2025 ലെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് കരസ്ഥമാക്കിയത് - റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

- റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡിജിറ്റൽ സംരംഭങ്ങളായ 'സാരഥി', 'പ്രവാഹ്' എന്നിവയാണ് പുരസ്കാരം നേടികൊടുത്തത്.

- നോർവേയുടെ ഉന്നതബഹുമതിയായ ഹോൾബെർഗ് പുരസ്കാരത്തിന് 2025ൽ അർഹയായ ഇന്ത്യക്കാരി - ഗായത്രി ചക്രവർത്തി സ്പിവാക്ക്
  - പോസ്റ്റ് കൊളോണിയൽ പഠനങ്ങൾ, തത്ത്വശാസ്ത്രം, വിവർത്തനം തുടങ്ങി വിവിധ മേഖലകളിലെ സംഭാവനയാണ് ഗായത്രി ചക്രവർത്തി സ്പിവാക്കിനെ പുരസ്കാരത്തിനർഹയാക്കിയത്.
  - ഹ്യുമാനിറ്റീസ്, സാമൂഹികശാസ്ത്രമേഖലയിലെ ഏറ്റവുംവലിയ പുരസ്കാരങ്ങളിലൊന്നാണ് ഹോൾബെർഗ് പുരസ്കാരം.

- 2025ൽ യു.കെ പാർലമെന്റിൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ച ഇന്ത്യൻ ചലച്ചിത്ര നടൻ - ചിരഞ്ജീവി
  - യു.കെ ആസ്ഥാനമായുള്ള സംഘടനയായ ബ്രിഡ്ജ് ഇന്ത്യയാണ് പൊതുസേവനത്തിലെ മികവിനുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ചിരഞ്ജീവിക്ക് സമ്മാനിച്ചത്.

# ശാസ്ത്ര സാങ്കേതിക മേഖല

- ആമസോണിന്റെ ആദ്യ ക്വാണ്ടം കമ്പ്യൂട്ടിംഗ് ചിപ്പ് - ഓസെലോട്ട്

- ചന്ദ്രനിൽ വിജയകരമായി ലാൻഡ് ചെയ്ത രണ്ടാമത്തെ സ്വകാര്യ പേടകം - ബ്ലൂ ഗോസ്റ്റ് മിഷൻ 1

- അമേരിക്കയിലെ സ്വകാര്യകമ്പനിയായ ഫയർഫ്ളൈ എയ്റോസ്പെയ്സ് ആണ് ചന്ദ്രനിൽ വിജയകരമായി പേടകമിറക്കിയത്.
- ചന്ദ്രനിൽ സുരക്ഷിതമായി ഇറങ്ങുന്ന രണ്ടാമത്തെ സ്വകാര്യ ലാൻഡർ, ലാൻഡിങ് സമ്പൂർണവിജയമാകുന്ന ആദ്യത്തെ സ്വകാര്യ ലാൻഡർ എന്നീ നേട്ടങ്ങൾ ബ്ലൂ ഗോസ്റ്റ് മിഷൻ 1 സ്വന്തമാക്കി.
- 2024 ഫെബ്രുവരിയിൽ ഇന്റ്യൂറ്റീവ് മെഷീൻസാണ് ചന്ദ്രനിൽ ലാൻഡർ ഇറക്കിയ ആദ്യ സ്വകാര്യകമ്പനി. ഒഡീസിയസ് എന്നായിരുന്നു ലാൻഡറിന്റെ പേര്.
- സ്വകാര്യലാൻഡറുകളെ കരാറടിസ്ഥാനത്തിൽ ചന്ദ്രനിലേക്ക് അയക്കുന്ന നാസയുടെ കൊമേഴ്സ്യൽ ലൂണാർ പേലോഡ് സർവീസസ് (സിഎൽപിഎസ്) പദ്ധതിയുടെ ഭാഗമാണ് ദൗത്യം.
- ജനുവരി 15 - ന് ഫ്ലോറിഡയിലെ നാസയുടെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് സ്പെയ്സ് എക്സിന്റെ ഫാൽക്കൺ 9 റോക്കറ്റ് ഉപയോഗിച്ചാണ് പേടകം വിക്ഷേപിച്ചത്.
- 2025 മാർച്ച് 2 ന് വിജയകരമായി ചന്ദ്രനിൽ ഇറങ്ങി.

- ചൈനാസാറ്റ്-10R എന്ന വാർത്താവിനിമയ ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ച രാജ്യം - ചൈന

- ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച പുതിയ മിസൈൽ - ഗാണ്ഡീവ
  - പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡിആർഡിഒ ആണ് ഗാണ്ഡീവ മിസൈൽ വികസിപ്പിച്ചത്.
  - ഇതിന് മുമ്പ് വികസിപ്പിച്ച അസ്ത്ര എംകെ-1, അസ്ത്ര എംകെ-2 എന്നീ മിസൈലുകളുടെ പിൻഗാമിയാണ് ഗാണ്ഡീവ.
  - മഹാഭാരതത്തിലെ കഥാപാത്രമായ അർജുനന്റെ വില്ലായ ഗാണ്ഡീവത്തിന്റെ പേരാണ് പുതിയ മിസൈലിന് നൽകിയിരിക്കുന്നത്.

- അടുത്തിടെ ഗവേഷകർ ഇടുക്കിയിൽ നിന്ന് കണ്ടെത്തിയ, പ്രൊഫസർ മാധവ് ഗാഡ്ഗിലിനോടുള്ള ആദരസൂചകമായി പേര് നൽകിയ  സസ്യം - ഇക്സോറ ഗാഡ്ഗിലിയാന (Ixora gadgiliana)

- 1000 ഭ്രമണപഥയാത്രകൾ പൂർത്തിയാക്കിയ സ്പേഡെക്സ് ഉപഗ്രഹങ്ങളെ വിക്ഷേപിച്ച പിഎസ്എൽവി ദൗത്യത്തിന്റെ ഭാഗമായുണ്ടായിരുന്ന ചെറു ഉപഗ്രഹം - പോയം 4 (പിഎസ്എൽവി ഓർബിറ്റൽ എക്സ്പെരിമെന്റ് മൊഡ്യൂൾ)
  - ➔ വിക്ഷേപണം കഴിഞ്ഞാൽ ബഹിരാകാശ മാലിന്യമാകുകയും പിന്നീട് കത്തിത്തീർന്ന് കടലിൽ പതിക്കുകയും ചെയ്യുമായിരുന്ന പിഎസ്എൽവി റോക്കറ്റിന്റെ നാലാമത്തെ ഘട്ടത്തെയാണ് ഉപഗ്രഹമാക്കി ചെറിയ കാലയളവിൽ പരീക്ഷണങ്ങൾക്ക് ഉപയോഗിച്ചത്.

- ചൈനീസ് സ്റ്റാർട്ടപ്പായ മോണിക്ക പുറത്തിറക്കിയ പുതിയ എഐ മോഡൽ - മാനുസ്(manus)

- 434 ദിവസത്തെ ബഹിരാകാശ പര്യവേഷണത്തിന് ശേഷം ഭൂമിയിൽ തിരിച്ചെത്തിയ യുഎസ് സൈന്യത്തിന്റെ ക്ലാസിഫൈഡ് മിനി സ്പേസ് ഷട്ടിൽ - എക്സ്-37ബി
  - ➔ 2023 ഡിസംബറിൽ നാസയുടെ കെന്നഡി ബഹിരാകാശ സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം

- 2025 മാർച്ചിൽ പ്രവർത്തനം അവസാനിപ്പിച്ച, നാസയുടെ പരീക്ഷണ ഉപകരണങ്ങളുമായി ചന്ദ്രന്റെ ദക്ഷിണധ്രുവം പര്യവേക്ഷണം ചെയ്യുന്നതിനായി സ്വകാര്യ കമ്പനിയായ ഇന്റ്യൂറ്റീവ് മെഷീൻസ്(Intuitive Machines) വിക്ഷേപിച്ച ചാന്ദ്ര ലാൻഡർ - അഥീന
  - ➔ സോഫ്റ്റ് ലാൻഡിംഗിലെ പിഴവുകളും, പേടകം ശരിയായി പ്രവർത്തിക്കാത്തതിനെയും തുടർന്ന് ദൗത്യം ഉപേക്ഷിക്കുകയായിരുന്നു.

- ➔ 2025 ഫെബ്രുവരിയിൽ ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് സ്പേസ് എക്സിന്റെ ഫാൽക്കൺ 9 റോക്കറ്റ് ഉപയോഗിച്ചായിരുന്നു അഥീനയുടെ വിക്ഷേപണം.
  - ➔ നാസയുടെ കൊമേഴ്സ്യൽ ലൂണാർ പേലോഡ് സർവീസിന്റെ ഭാഗമായാണ് ഇന്റ്യൂറ്റീവ് മെഷീൻസിന്റെ അഥീന ലാൻഡർ ചന്ദ്രനിലേക്ക് അയച്ചത്.
  - ➔ അമേരിക്കൻ സ്വകാര്യ കമ്പനിയായ ഇന്റ്യൂറ്റീവ് മെഷീൻസിന്റെ രണ്ടാമത്തെ ചാന്ദ്ര പര്യവേഷണ പേടകമാണ് അഥീന. ഒന്നാമത്തെ ചാന്ദ്ര പര്യവേഷണ പേടകമായിരുന്നു ഒഡീസിയസ്. ഒഡീസിയസ്സിന്റെ സോഫ്റ്റ് ലാൻഡിംഗ് പരാജയപ്പെട്ടതിനെ തുടർന്ന് ദൗത്യം ഉപേക്ഷിക്കുകയായിരുന്നു.

- ഇന്ത്യക്കുള്ളിൽ അതിവേഗ ഇന്ററർനെറ്റായ സ്റ്റാർലിങ്ക് സേവനങ്ങൾ ലഭ്യമാക്കാൻ സ്പേസ് എക്സുമായി കരാർ ഒപ്പുവെച്ച ടെലികമ്മ്യൂണിക്കേഷൻ കമ്പനികൾ - എയർടെൽ, ജിയോ
  - ➔ ലോകമെങ്ങും ഉപഗ്രഹങ്ങൾ വഴി നേരിട്ട് ബ്രോഡ്ബാൻഡ് ഇന്ററർനെറ്റ് ലഭ്യമാക്കുന്നതിനായി സ്പേസ് എക്സ് ആരംഭിച്ച പദ്ധതിയാണ് സ്റ്റാർ ലിങ്ക്.

- അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് നാസയുടെ ബഹിരാകാശ സഞ്ചാരികളായ സുനിത വില്യംസിനെയും,ബുച്ച് വിൽമോറിനെയും തിരികെ ഭൂമിയിലെത്തിച്ച സ്പേസ് എക്സിന്റെ പേടകം - ഡ്രാഗൺ ഫ്രീഡം ബഹിരാകാശ പേടകം
  - ➔ അമേരിക്ക ഉൾക്കടലിലാണ് ഡ്രാഗൺ പേടകം സുരക്ഷിതമായി സ്പ്ലാഷ് ലാൻഡ് ചെയ്തത്.
  - ➔ നാസ ബഹിരാകാശയാത്രികരായ നിക്ക് ഹേഗ്, സുനിത വില്യംസ്, ബുച്ച് വിൽമോർ, റോസ്കോസ്മോസ് ബഹിരാകാശയാത്രികൻ അലക്സാണ്ടർ ഗോർബുനോവ് എന്നിവരാണ് പേടകത്തിൽ ഉണ്ടായിരുന്നത്.
  - ➔ ബോയിങ്ങിന്റെ സ്റ്റാർലൈനർ പേടകത്തിന്റെ മനുഷ്യനെയും വഹിച്ചുള്ള ആദ്യപരീക്ഷണത്തിന്റെ

ഭാഗമായാണ് സുനിതയും ബുച്ച് വിൽമോറും 2024 ജൂണിൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് പോയത്. ഒരാഴ്ചയ്ക്കുള്ളിൽ തിരിച്ചുവരുകയായിരുന്നു ലക്ഷ്യമെങ്കിലും സ്റ്റാർലൈനറിനുണ്ടായ സാങ്കേതിക തകരാർമൂലം സുനിതയും ബുച്ച് വിൽമോറും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ തന്നെ തുടരുകയായിരുന്നു. 9 മാസത്തോളം സുനിതയും ബുച്ച് വിൽമോറും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ തുടരേണ്ടി വന്നു.

- ഗെമ്മ 3 എന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) മോഡൽ അവതരിപ്പിച്ചത് - ഗൂഗിൾ

- ഐഎസ്ആർഒയുടെ വിക്രം സാരാഭായ് സ്പേസ് സെൻററും ചണ്ഡീഗഢിലെ സെമികണ്ടക്ടർ ലബോറട്ടറിയും (എസ്‌സിഎൽ) സംയുക്തമായി ബഹിരാകാശദൗത്യങ്ങൾക്കായി നിർമ്മിച്ച 32 ബിറ്റ് മൈക്രോപ്രൊസസറുകൾ - വിക്രം 3201 & കൽപ്പന 3201
  - ➔ വിക്രം 3201 ഇന്ത്യയിലെ ആദ്യത്തെ പൂർണ്ണമായും തദ്ദേശീയമായി നിർമ്മിച്ച 32-ബിറ്റ് മൈക്രോപ്രൊസസറാണ്.
  - ➔ 2009 മുതൽ വിക്ഷേപണവാഹനങ്ങളിൽ പ്രവർത്തിക്കുന്ന 16 ബിറ്റ് വിക്രം 1601-ന്റെ പരിഷ്കരിച്ച പതിപ്പാണ് വിക്രം 3201.

- ഒന്നിലധികം ഇന്ത്യൻ ഭാഷകളിലുള്ള പാർലമെന്ററി രേഖകളുടെ തത്സമയ വിവർത്തനം, ട്രാൻസ്ക്രിപ്ഷൻ, ഡാറ്റ ആക്സസ് എന്നിവ സാധ്യമാക്കുന്നതിനായി രൂപകൽപ്പന ചെയ്യുന്ന എഐ അധിഷ്ഠിത ഡിജിറ്റൽ സംരംഭം - സൻസദ് ഭാഷിണി
  - ➔ ലോക്സഭാ സെക്രട്ടേറിയറ്റും ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവും (MEITY) തമ്മിൽ സൻസദ് എഐ സൊല്യൂഷൻ വികസിപ്പിക്കുന്നതിനായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.

- 2025 മാർച്ചിൽ വിജയകരമായി വിക്ഷേപിച്ച ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ പേലോഡ് ഹോസ്റ്റിംഗ് ഉപഗ്രഹം - നിള
    - ➔ ടെക്നോപാർക്കിലെ ചെറുകിട ഉപഗ്രഹ നിർമ്മാണ കമ്പനിയായ ഹെക്സ്20 ആണ് 'നിള' വികസിപ്പിച്ചത്.
    - ➔ ഉപഗ്രഹം ബെർലിൻ ആസ്ഥാനമായ സാറ്റലൈറ്റ് ഡിപ്ലോയർ കമ്പനിയായ എക്സോലോഞ്ച് വഴി സ്പേസ് എക്സ് ട്രാൻസ്പോർട്ടർ -13 ദൗത്യത്തിലാണ് വിക്ഷേപിച്ചത്.
    - ➔ ഹെക്സ്20 തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഉപസംവിധാനങ്ങളെയും ജർമ്മൻ ബഹിരാകാശ കമ്പനിയായ ഡിക്യൂബ്സിൽ നിന്നുള്ള ഇൻ-ഓർബിറ്റ് ഡെമോൺസ്ട്രേഷനുള്ള പേലോഡിനെയും ബഹിരാകാശത്തിലെത്തിക്കുകയെന്ന ദൗത്യം നിള സാധ്യമാക്കി.

# ഇന്ത്യ - പദ്ധതികൾ

- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്ക് പ്രതിമാസം 2,500 രൂപ വീതം ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടുള്ള 'മഹിളാ സമൃദ്ധി യോജന' ക്ഷേമ പദ്ധതി ആരംഭിച്ചത് - ഡൽഹി

# കേരളം - പദ്ധതികൾ

- വിജ്ഞാന തൊഴിൽ മേഖലയിൽ വിദ്യാർത്ഥിനികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും, അവരെ തൊഴിൽ സജ്ജരാക്കുകയും, നവലോക തൊഴിൽ പരിചയം നൽകുകയും ചെയ്യുന്നതിന് കേരള നോളെജ് ഇക്കോണമി മിഷൻ ആരംഭിച്ച പദ്ധതി - എംപവർ (emPOWER )
    - ➔ സംസ്ഥാനത്തെ വനിതാ കോളേജുകളിലെ വിദ്യാർത്ഥിനികളെയാണ് ഈ പദ്ധതിയുടെ ഭാഗമാക്കുന്നത്.

- വിദ്യാർത്ഥിനികൾക്ക് കരിയറിൽ ഉയർച്ച നേടുന്നതിനായി മാനസികമായി തയ്യാറാക്കുക, തൊഴിൽ രംഗത്ത് പ്രതിസന്ധികളെ ആത്മവിശ്വാസത്തോടെ നേരിടാൻ പ്രാപ്തരാക്കുക, പ്രവൃത്തിപരിചയം നൽകുന്ന പരിശീലനങ്ങൾ നടത്തുക എന്നിവയാണ് എംപവർ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

- കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ആരംഭിച്ച പദ്ധതി - കെ-അഗ്ടെക് ലോഞ്ച്പാഡ്
  - കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും ആശയവൽക്കരണത്തിൽ നിന്ന് വിപണിയിലെത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ നൽകൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കേരള കാർഷിക സർവകലാശാലയിൽ ആരംഭിക്കുന്ന പദ്ധതിയാണ് കെ-അഗ്ടെക് ലോഞ്ച് പാഡ്.
  - കേരള കാർഷിക സർവ്വകലാശാലയും നബാർഡും വെസ്റ്റേൺ സിഡ്നി യൂണിവേഴ്സിറ്റിയും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

## നിയമനങ്ങൾ

- വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ പ്രസിഡന്റായി നിയമിതയായ ആദ്യ വനിത - സിസ്റ്റർ റഫേല പെട്രീന

- സെബിയുടെ (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) ചെയർപേഴ്സണായി നിയമിതനായത് - തുഹിൻ കാന്ത പാണ്ഡെ
  - സെബിയുടെ 11-ാമത് ചെയർപേഴ്സണാണ് തുഹിൻ കാന്ത പാണ്ഡെ.
  - 2025 ഫെബ്രുവരി 28 ന് സെബിയുടെ ആദ്യ വനിതാ ചെയർപേഴ്സൺ എന്ന നിലയിൽ കാലാവധി പൂർത്തിയാക്കുന്ന മാധബി പുരി ബുച്ചിന്റെ

പിൻഗാമിയായാണ് തുഹിൻ കാന്ത പാണ്ഡെയുടെ നിയമനം.

- ഉറുഗ്വേയുടെ പുതിയ പ്രസിഡന്റായി നിയമിതനായത് - യമുണ്ടോ ഒർസി

- യുഎസ് നാഷണൽ അക്കാദമി ഓഫ് എൻജിനീയറിങ് അംഗത്വം ലഭിച്ച മലയാളി ശാസ്ത്രജ്ഞൻ - ഡോ. എസ്. സോമനാഥ് (മുൻ ഐഎസ്ആർഒ ചെയർമാൻ)

- ഫെഡറൽ ബാങ്കിന്റെ ബ്രാൻഡ് അംബാസിഡറായി നിയമിതയായ ചലച്ചിത്ര നടി - വിദ്യാബാലൻ

- ആർബിഐയുടെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായത് - ഡോ. അജിത് രത്നാകർ ജോഷി

- രാജ്യത്തെ ആദ്യ വനിതാ നിയമ സെക്രട്ടറിയായി നിയമിതയായത് - അഞ്ജു രതി റാണ

- വ്യോമസേനയുടെ ജാഗ്വാർ സ്ക്വാഡ്രണിൽ സ്ഥിരമായി നിയമിതയായ ആദ്യ വനിതാ പൈലറ്റ് - തനുഷ്ക സിംഗ്

- ഐഎസ്ആർഒ യിലെ സയന്റിഫിക് സെക്രട്ടറിയും ഡയറക്ടറേറ്റ് ഓഫ് ടെക്നോളജി ഡെവലപ്മെന്റ് ഇന്നവേഷൻ ഡയറക്ടറുമായി നിയമിതനായത് - എം. ഗണേഷ് പിള്ള

- ദൂരദർശന്റെ പുതിയ ഡയറക്ടർ ജനറൽ ആയി നിയമിതനായത് - കെ. സതീഷ് നമ്പൂതിരിപ്പാട്

- 2025 മാർച്ചിൽ കാനഡയുടെ പുതിയ പ്രധാനമന്ത്രിയായി നിയമിതനായത് - മാർക്ക് കാർണി
  - ➔ കാനഡയുടെ 24-ാമത് പ്രധാനമന്ത്രിയാണ് കാർണി.
  - ➔ ജസ്റ്റിൻ ട്രൂഡോയുടെ പിൻഗാമിയായാണ് മാർക്ക് കാർണി കാനഡയുടെ പ്രധാനമന്ത്രിയാകുന്നത്.

- ഗ്രീസിന്റെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് - കോൺസ്റ്റന്റീൻ ടാസുലസ്

- കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ മന്ത്രിസഭയിൽ അംഗമായ ഇന്ത്യൻ വംശജർ - കമൽ ഖേര, അനിത ആനന്ദ്
  - ➔ ആരോഗ്യ വകുപ്പ് മന്ത്രിയാണ് കമൽ ഖേര.
  - ➔ ഇന്നൊവേഷൻ, ശാസ്ത്രം, വ്യവസായം വകുപ്പുകളുടെ മന്ത്രിയാണ് അനിത ആനന്ദ്.

- ടാറ്റാ കമ്മ്യൂണിക്കേഷൻസിന്റെ പുതിയ ചെയർമാനായി നിയമിതനായത് - എൻ. ഗണപതി സുബ്രഹ്മണ്യം

- അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ (ഐഒസി) പ്രസിഡണ്ടാകുന്ന ആദ്യ വനിത - കിർസ്റ്റി കവൻട്രി
  - ➔ അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ (ഐഒസി) പ്രസിഡണ്ടാകുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും, ആദ്യ ആഫ്രിക്കൻ വംശജയുമാണ് കിർസ്റ്റി കവൻട്രി.

- ആഫ്രിക്കൻ രാജ്യമായ നമീബിയയുടെ ആദ്യ വനിതാ പ്രസിഡന്റായി നിയമിതയായത് - നെതുംബോ നാൻഡി എൻഡെയ്ത്വ

- ജനവാസമേഖലകളിലെത്തുന്ന പാമ്പുകളെ സുരക്ഷിതമായി വനമേഖലയിലെത്തിക്കാൻ വനംനകുപ്പ് ആവിഷ്കരിച്ച സർപ്പ ആപ്ലിക്കേഷന്റെ ബ്രാൻഡ് അംബാസഡറായി നിയമിതനായ ചലച്ചിത്ര നടൻ - ടൊവിനോ തോമസ്

- ആന്ധ്രാപ്രദേശ് സർക്കാരിന്റെ ബഹിരാകാശ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഉപദേശകനായി നിയമിതനായ മുൻ ഐഎസ്ആർഒ ചെയർമാൻ - ഡോ. എസ്. സോമനാഥ്
  - ➔ ഭരണം, ഗവേഷണം, വ്യവസായ ആപ്ലിക്കേഷനുകൾ എന്നിവയ്ക്കായി ബഹിരാകാശവിദ്യ പ്രയോജനപ്പെടുത്തുന്നതിൽ ഡോ. സോമനാഥ് സംസ്ഥാനസർക്കാരിന് മാർഗനിർദേശം നൽകും.

- 2025 മാർച്ചിൽ പുതിയ കേരള ഉപലോകായുക്തമാരായി നിയമിതരായവർ - ജസ്റ്റിസ് വി. ഷെർസി, ജസ്റ്റിസ് അശോക് മേനോൻ
  - ➔ കേരള ലോകായുക്ത - ജസ്റ്റിസ് എൻ. അനിൽകുമാർ

# വിയോഗം

- 2025 മാർച്ചിൽ അന്തരിച്ച, തിരുമല തിരുപ്പതി ദേവസ്ഥാനത്തിന്റെ (ടിടിഡി) മുൻ അസ്ഥാന വിദ്വാനായിരുന്ന പ്രശസ്ത കർണാടക സംഗീതജ്ഞൻ - ഗരിമെല്ല ബാലകൃഷ്ണ പ്രസാദ്
  - ➔ കർണാടക സംഗീതത്തിന് നൽകിയ സംഭാവനകൾക്ക് 2020 ലെ സംഗീത നാടക അക്കാദമി അവാർഡ് അദ്ദേഹത്തിന് ലഭിച്ചു.

- 2025 മാർച്ചിൽ അന്തരിച്ച സുപ്രീംകോടതി മുൻ ജഡ്ജി - വീരസ്വാമി രാമസ്വാമി
    - ➔ ഇന്ത്യൻ പാർലമെന്റിന്റെ ഇംപീച്ച്മെന്റ് നടപടി നേരിട്ട ആദ്യത്തെ സുപ്രീംകോടതി ജഡ്ജിയാണ് വീരസ്വാമി രാമസ്വാമി.
    - ➔ 1987ൽ പഞ്ചാബ്-ഹരിയാന ഹൈക്കോടതി ചീഫ് ജസ്റ്റിസായിരിക്കെ പണം ദുർവിനിയോഗം ചെയ്തെന്ന ആരോപണത്തിന്മേലാണ് 1993ൽ ഇംപീച്ച്മെന്റ് നടപടി നേരിട്ടത്.

- 2025 മാർച്ചിൽ അന്തരിച്ച മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം - സയ്യിദ് ആബിദ് അലി
    - ➔ ഹൈദരാബാദിൽ ജനിച്ച അദ്ദേഹം മീഡിയം പേസ് ബൗളറും ലോവർ-ഓർഡർ ബാറ്ററുമായിരുന്നു.
    - ➔ 1967-75 കാലത്ത് ഇന്ത്യക്കുവേണ്ടി 29 ടെസ്റ്റും അഞ്ച് ഏകദിനവും കളിച്ചു.

- 2025 മാർച്ചിൽ അന്തരിച്ച പ്രശസ്ത ഒഡിയ കവി - രമാകാന്ത് രഥ്
    - ➔ പത്മവിഭൂഷൺ, സരസ്വതി സമ്മാൻ, ബിഷുവ സമ്മാൻ, സരള അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.
    - ➔ കേന്ദ്ര സാഹിത്യ അക്കാദമിയുടെ മുൻ പ്രസിഡന്റാണ് രമാകാന്ത് രഥ്.
    - ➔ ശ്രീരാധ, കാതെ ദിനാര, സന്ദിഗ്ദ മൃഗയ, സപ്തമ ഋതു, സചിത്ര അന്ധാര, ശ്രേഷ്ഠ കവിത തുടങ്ങിയവ രമാകാന്തിന്റെ പ്രശസ്ത കൃതികളാണ്.

- 2025 മാർച്ചിൽ അന്തരിച്ച പ്രശസ്ത മലയാളഗാനരചയിതാവ് - മങ്കൊമ്പ് ഗോപാലകൃഷ്ണൻ
    - ➔ 200-ലേറെ മലയാള സിനിമകളിലായി എഴുന്നൂറിലേറെ ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

- ലക്ഷാർച്ചന കണ്ടുമടങ്ങുമ്പോൾ, ഇളംമഞ്ഞിൻ കുളിരുമായി, ഇവിടമാണീശ്വ സന്നിധാനം, കാളിദാസന്റെ കാവ്യ ഭാവനയെ, ഗംഗയിൽ തീർഥമാടിയ കൃഷ്ണശില, പാലരുവീ നടുവിൽ, ഒരു പുന്നാരം തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്തമായ പാട്ടുകളിൽ ചിലതാണ്.

- 2025 മാർച്ചിൽ അന്തരിച്ച പ്രശസ്ത അമേരിക്കൻ ബോക്സിങ് താരം - ജോർജ് ഫോർമാൻ
    - ബോക്സിങ് റിങ്ങിൽ 'ബിഗ് ജോർജ്'എന്ന പേരിൽ പ്രശസ്തനായിരുന്നു അദ്ദേഹം.
    - മുൻ ലോക ഹെവി വെയ്റ്റ് ബോക്സിങ് ചാമ്പ്യനും ഒളിമ്പിക്സ് സ്വർണമെഡൽ ജേതാവുമാണ് ജോർജ് ഫോർമാൻ.
    - 1974-ൽ കോംഗോയിൽ മുഹമ്മദ് അലിയുമായി നടന്ന വാശിയേറിയ ബോക്സിങ് മത്സരത്തിന്റെ പേരിൽ പ്രസിദ്ധനാണ് ഫോർമാൻ. 'റംബിൾ ഇൻ ദി ജംഗിൾ' എന്ന എന്ന പേരിലാണ് ഈ മത്സരം അറിയപ്പെടുന്നത്.

# റാങ്കിങ്

- വേൾഡ് ഹാപ്പിനസ് റിപ്പോർട്ട് 2025 പ്രകാരം ഇന്ത്യയുടെ സ്ഥാനം - 118
    - ഒന്നാം റാങ്ക് - ഫിൻലാൻഡ്
    - രണ്ടാം റാങ്ക് - ഡെന്മാർക്ക്
    - മൂന്നാം റാങ്ക് - ഐസ്ലാൻഡ്
    - ഏറ്റവും അവസാന റാങ്കിലുള്ള രാജ്യം - അഫ്ഘാനിസ്ഥാൻ (റാങ്ക് - 147)
    - വേൾഡ് ഹാപ്പിനസ് റിപ്പോർട്ട് 2024 പ്രകാരം ഇന്ത്യയുടെ റാങ്ക് - 126

# വേദികൾ

- 2025ലെ ലോക പാരാ അത്‌ലറ്റിക്സ് ഗ്രാൻഡ് പ്രിക്സിന് ആതിഥേയത്വം വഹിക്കുന്നത് - ഡൽഹി, ഇന്ത്യ

- 2025 ലെ ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ വേദി - ന്യൂഡൽഹി

- 2025 ലെ ഫിഫ ക്ലബ് ലോകകപ്പിന്  ആതിഥേയത്വം വഹിക്കുന്ന രാജ്യം - യുഎസ്എ

- ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പൊതുസമൂഹത്തിൽ അവരുടെ ദൃശ്യതയും സ്വീകാര്യതയും വർദ്ധിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന നാലാമത് 'വർണ്ണപ്പകിട്ട്' ട്രാൻസ്ജെൻഡർ കലോത്സവത്തിന്റെ വേദി - തിരുവനന്തപുരം

- 2025 ലെ സ്പെഷ്യൽ ഒളിമ്പിക്സ് വേൾഡ് വിന്റർ ഗെയിംസിന്റെ വേദി - ടൂറിൻ, ഇറ്റലി

- 30-ാമത് യുഎൻ കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിന്റെ (COP30) വേദി - ബെലെം, ബ്രസീൽ

- വൈദ്യുതി വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 2025 ലെ ഗ്ലോബൽ ഹൈഡ്രജൻ ആൻഡ് റിന്യൂവബിൾ എനർജി സമ്മിറ്റിന്റെ വേദി - കൊച്ചി, എറണാകുളം

➔ വൈദ്യുതി വകുപ്പിന്റെ നേതൃത്വത്തിൽ, ഏജൻസി ഫോർ ന്യൂ ആൻഡ് റിന്യൂവബിൾ എനർജി റിസർച്ച് ആൻഡ് ടെക്നോളജി (ANERT), ഇലറ്റ്സ് ടെക്നോ മീഡിയ എന്നിവ സംയുക്തമായാണ് ആഗോള ഉച്ചകോടി സംഘടിപ്പിക്കുന്നത്.

## സൈനികാഭ്യാസം

- ഇന്ത്യ-കിർഗിസ്ഥാൻ സംയുക്ത സൈനികാഭ്യാസം - ഖൻജാർ
  - ➔ ഖൻജാറിന്റെ 12 -ാമത് പതിപ്പിന്റെ വേദി - കിർഗിസ്ഥാൻ

- ഇന്ത്യ-ബംഗ്ലാദേശ് സംയുക്ത നാവിക അഭ്യാസം - ബോംഗോസാഗർ 2025
  - ➔ ബോംഗോസാഗർ 2025ൽ പങ്കെടുത്ത ഇന്ത്യൻ നാവികസേനയുടെ കപ്പൽ - ഐഎൻഎസ് രൺവീർ

- ഇന്ത്യ-ഫ്രാൻസ് സംയുക്ത നാവികാഭ്യാസം - വരുണ
  - ➔ ഇന്ത്യ-ഫ്രാൻസ് സംയുക്ത നാവിക അഭ്യാസമായ വരുണയുടെ 23-ാമത് പതിപ്പാണ് 2025ൽ നടന്നത്.

## പ്രധാന ദിനങ്ങൾ

- ലോക വന്യജീവി ദിനം - മാർച്ച് 03
  - ➔ 2025 Theme : 'Wildlife Conservation Finance: Investing in People and Planet.'

- ജൻ ഔഷധി ദിവസ് - മാർച്ച് 07
  - ➔ എല്ലാവർക്കും ഗുണമേന്മയുള്ളതും താങ്ങാനാവുന്ന വിലയിലുള്ളതുമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രധാനമന്ത്രി ഭാരതീയ ജനൗഷധി പരിയോജനയുടെ (PMBJP) കീഴിൽ ആരംഭിച്ച പദ്ധതിയാണ് ജൻ ഔഷധി.

- ➔ പദ്ധതിയെക്കുറിച്ച് അവബോധം വളർത്തുന്നതിനും ജനറിക് മരുന്നുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വർഷവും മാർച്ച് 7 'ജൻ ഔഷധി ദിവസ്' ആയി ആഘോഷിക്കുന്നു.

- അന്താരാഷ്ട്ര വനിതാ ദിനം - മാർച്ച് 8
    - ➔ 2025 Theme - 'For ALL Women and Girls: Rights. Equality. Empowerment.'
    - ➔ അന്താരാഷ്ട്ര വനിതാ ദിനം സ്ത്രീകളുടെ നേട്ടങ്ങളെ ആദരിക്കുകയും സ്ത്രീകളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
    - ➔ 1977-ൽ ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി അംഗീകരിച്ച അന്താരാഷ്ട്ര വനിതാ ദിനം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വടക്കേ അമേരിക്കയിലും യൂറോപ്പിലുടനീളമുള്ള തൊഴിലാളി പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിൽ നിന്നാണ് ആദ്യമായി ഉയർന്നുവന്നത്.

- 2025 ലോക വൃക്കദിനം - മാർച്ച് 13
    - ➔ എല്ലാ വർഷവും മാർച്ചിലെ രണ്ടാം വ്യാഴാഴ്ചയാണ് ലോക വൃക്കദിനം ആചരിക്കുന്നത്.

- ലോക ഉപഭോക്തൃ അവകാശ ദിനം - മാർച്ച് 15
    - ➔ 2025 Theme - 'A Just Transition to Sustainable Lifestyles.'
    - ➔ 1962 മാർച്ച് 15-ന് അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡി അമേരിക്കൻ പാർലമെന്റിൽ ഉപഭോക്താക്കളുടെ അവകാശങ്ങളെപ്പറ്റി പ്രസംഗിച്ചു. ഈ വിഷയം കൈകാര്യം ചെയ്ത ആദ്യ നേതാവായിരുന്നു കെന്നഡി. ഈ പ്രസംഗം നടത്തിയ ദിവസമാണ് പിന്നീട് ഉപഭോക്തൃ അവകാശദിനമായത്.

- ദേശീയ വാക്സിനേഷൻ ദിനം - മാർച്ച് 16
    - ➔ പോളിയോയ്ക്കെതിരെ 1995 മാർച്ച് 16നാണ് ഇന്ത്യയിൽ വാക്സിനേഷൻ ആരംഭിച്ചത്. പിന്നീട് പ്രതിരോധ കുത്തിവെപ്പിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവത്കരിക്കാൻ എല്ലാ വർഷവും ആ ദിനം ദേശീയ വാക്സിനേഷൻ ദിനമായി ആചരിക്കാൻ തുടങ്ങി.

- ലോക വനദിനം - മാർച്ച് 21
    - ➔ 2025 Theme - "Forests and Food".
    - ➔ എല്ലാത്തരം വനങ്ങളുടെയും പ്രാധാന്യം ആഘോഷിക്കുന്നതിനും അവബോധം വളർത്തുന്നതിനുമായി 2012-ൽ ഐക്യരാഷ്ട്ര പൊതുസഭ മാർച്ച് 21 അന്താരാഷ്ട്ര വനദിനമായി പ്രഖ്യാപിച്ചു.

- ലോക ജലദിനം - മാർച്ച് 22
    - ➔ 2025 Theme - 'Glacier Preservation'.
    - ➔ ജലം ഓരോ തുള്ളിയും സൂക്ഷിച്ച് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ലോകജനതയെ മനസ്സിലാക്കുകയാണ് ലോക ജലദിനാചരണത്തിന്റെ ലക്ഷ്യം.
    - ➔ ലോക ജലദിനമെന്ന നിർദ്ദേശം ആദ്യമായി ഉയർന്നുവന്നത് 1992-ൽ ബ്രസീലിലെ റിയോവിൽ ചേർന്ന യു.എൻ. കോൺഫറൻസ് ഓൺ എൻവയൺമെന്റ് ആൻഡ് ഡവലപ്മെന്റിലാണ് (UNCED). ഇതേ തുടർന്ന് യു.എൻ. ജനറൽ അസംബ്ലി 1993 മാർച്ച് 22 മുതൽ ഈ ദിനം ലോക ജലദിനമായി ആചരിക്കുവാൻ തീരുമാനിച്ചു.

- ലോക കാലാവസ്ഥാ ദിനം - മാർച്ച് 23
    - ➔ 2025 Theme - 'Closing the Early Warning Gap Together.'
    - ➔ 1950-ൽ വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷൻ (ഡബ്ല്യുഎംഒ) സ്ഥാപിതമായതിന്റെ ബഹുമാനാർത്ഥം

ലോകം  മാർച്ച് 23 ന് ലോക കാലാവസ്ഥാ ദിനം ആഘോഷിക്കുന്നു.

- ലോക ക്ഷയരോഗ നിവാരണ ദിനം - മാർച്ച് 24
    - 2025 Theme- “Yes! We Can End TB: Commit, Invest, Deliver”
    - റോബർട്ട് കോച്ച് 1882 മാർച്ച് 24-ന് ആണ് ക്ഷയരോഗത്തിന്റെ കാരണം കണ്ടെത്തിയത്.ക്ഷയരോഗത്തിന്റെ ഭീകരതയും, സാമൂഹിക- സാമ്പത്തിക പ്രത്യാഘാതങ്ങളും പൊതുജനങ്ങൾക്ക് മനസിലാക്കിക്കൊടുക്കുന്നതിനും ക്ഷയരോഗം എന്ന പകർച്ചവ്യാധി അവസാനിപ്പിക്കുന്നതിനുമായി ഓരോ വർഷവും ലോകാരോഗ്യസംഘടന മാർച്ച് 24ന് ലോക ക്ഷയരോഗ ദിനമായി ആചരിക്കുന്നു.

- സീറോ വേസ്റ്റ് അന്താരാഷ്ട്ര ദിനം - മാർച്ച് 30
    - 2025 Theme - Towards zero waste in fashion and textiles
    - 2022 ഡിസംബർ 14 ന് , യുഎൻ ജനറൽ അസംബ്ലി എല്ലാ വർഷവും മാർച്ച് 30 ന് സീറോ വേസ്റ്റ് അന്താരാഷ്ട്ര ദിനമായി ആചരിക്കുന്നതിനുള്ള പ്രമേയം പാസാക്കി .
    - സുസ്ഥിര വികസനം കൈവരിക്കുന്നതിന് മാലിന്യം കുറയ്ക്കുന്നതിനെക്കുറിച്ചും സീറോ വേസ്റ്റ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുകയാണ് ഈ ദിനം ലക്ഷ്യമിടുന്നത്.

# Thank you

GET IT ON Google Play